# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എം.പി.എം17/653/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എം.പി.എം17/653/2022 തീയ്യതി: 09/06/2022

## മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2020 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് പി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. ദിനേശൻ.എം., ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൽ അലി കുന്നൻ, ഓഡിറ്റർ
ശ്രീ. ഫാസിൽ മൊയ്തീൻ.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി.കെ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഒഴിവ് | പ്രസിഡന്റ് | 01-02-2021 | 07-02-2021 |
| ശ്രീ. നൗഷാദ്.എൻ. | പ്രസിഡന്റ് | 08-02-2021 | 31-03-2021 |
| ശ്രീമതി റംല നെല്ലാഞ്ചേരി | പ്രസിഡന്റ് | 01-04-2020 | 31-01-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബീരാൻ കുട്ടി.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ലൈജുമോൻ.വി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2020 | 31-03-2021 |
| ശ്രീ.ഷാഹുൽ ഹമീദ്.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി.ജിൻസി.ഐ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.അജയ് മുകുന്ദ്. | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ മഹ്റൂഫ്.എച്ച്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സുബൈർ.പി.കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിൽവി മോൾ ചെറിയാൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഫാത്തിമത്തു താഹിറ.ഒ.കെ | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.സൂര്യനാരായണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. അംജദ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 04-06-2020 |
| ശ്രീ. ശ്യാമധരൻ | ഫിഷറീസ് ഇൻസ്പെക്ടർ | 05-06-2020 | 31-03-2021 |
| ശ്രീമതി ബബിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 05-04-2020 |
| ശ്രീമതി ബീന പി.കെ. | ഐ.സി.ഡി.എസ് | 06-04-2020 | 26-11-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി സക്കീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-11-2020 | 31-03-2021 |
| അബ്ദുൾ മഹ്മൂദ്.എച്ച്.പി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 20-08-2020 |
| ശ്രീ. ഷാജിത്ത് .കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-08-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 13-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 13-03-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 13-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 13-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Suresh.P (Audit Officer, On 10-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-11 |
| 12 | എസ്.സി സ്കോളർഷിപ്പ് - അപാകതകൾ<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-12 |
| 13 | എസ്.സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-13 |
| 14 | തെരുവ് വിളക്ക് സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Suresh.P (Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-14 |
| 15 | തനത് ഫണ്ട് വൗച്ചറുകളിലെ അപാകത<br>Written By: Suresh.P (Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-15 |
| 16 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Suresh.P (Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-16 |

| | | |
|---|---|---|
| 17 | പ്രിന്റിങ് ജോലികൾക്ക് അധിക തുക നല്കിയത്<br>Written By: Suresh.P (Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-17 |
| 18 | അധികച്ചെലവ് വന്ന 2154 രൂപ തിരിച്ചടച്ചത് കൺസോളിഡേറ്റഡ് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-18 |
| 19 | പ്രവൃത്തി പൂർത്തീകരണ കാലയളവ് - പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല - കരാറിൽ വ്യക്തമാക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-19 |
| 20 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-20 |
| 21 | എം.ജി.എൻ.ആർ.ഇ.ജി.എസ് - പദ്ധതി നിർവ്വഹണം - അപാകതകൾ<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-21 |
| 22 | ശിശുമന്ദിരം - ആസ്തി സംരക്ഷണവും ഉപയോഗവും തൃപ്തികരമല്ല.<br>Written By: M Dinesan (Audit Officer, On 01-03-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 21-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1- 24.03.2020 | 1/ 02.03.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 12-07-2021 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62306298.42 |
| വരവ് | 115467164 |
| ആകെ | 177773462.42 |
| ചെലവ് | 157463260 |
| നീക്കിയിരിപ്പ് | 20310202.42 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 30320000 | 30320000 | 30247728 | 72272 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3942000 | 3942000 | 2983935 | 958065 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6655001 | 6655001 | 6212427 | 442574 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4834000 | 4834000 | 4832734 | 1266 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Basic Grant | 0 | 24417409 | 24417409 | 17545361 | 6872048 |
| ബി ഫണ്ട് | 0 | 62301700 | 62301700 | 62301700 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied Fund | 0 | 11530000 | 11530000 | 4195161 | 7334839 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 152402796 | 187 | 84256203 | 62 | 47 | 55 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 587041 | 2099659 | 2686700 | 2578409 | 108291 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31599341 | 31599341 | 31599341 | 0 |

കുറിപ്പ്

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 6000 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 27057300 | 1225 |
| വിധവാപെൻഷൻ | 3709700 | 1538 |
| വാർദ്ധക്യകാലപെൻഷൻ | 22494800 | 2212 |
| വികലാംഗപെൻഷൻ | 7029400 | 495 |
| വിവാഹ ധനസഹായം | 540000 | 18 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 778500 | 54 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2022 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11032/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വി.ഇ.ഒ I തനത് ഫണ്ട് വരവ് ചെലവുകൾ TR7A കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം സബ്സിഡിയിറി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. എല്ലായിനം വരവ് ചെലവുകളും TR7A കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്

2. പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴുവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ്. പ്രധാനപ്പെട്ട സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2021 | 01/08/2021 മുതൽ 30/11/2021 വരെ | 21.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2005 | 2009-10 മുതൽ 2013-14 വരെ | 26.06.2015 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ഡേ ബുക്ക്, അഡ്വാൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എ.എഫ്.എസിലെ തുകയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. വികസന ഫണ്ട് ജനറൽ എ.എഫ്.എസ് പ്രകാരം 30247984 രൂപയും എ.സി.ആർ പ്രകാരം 30247728 രൂപയുമാണ്. 256 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

5. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011ലെ ചട്ടം 62 പ്രകാരമുള്ള അനുപാതങ്ങൾ (റേഷ്യോസ്)

പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ചേർത്തിട്ടില്ല.

## 1-12 എസ്.സി സ്കോളർഷിപ്പ് - അപാകതകൾ

പ്രൊജക്ടിന്റെ പേര് : എസ് .സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (നം.133/21)

ചെലവ് തുക : 150000

ബിൽ റഫറൻസ് നം: 5098307301200010 /24-03-2021

നിർവ്വഹണം : ഹെഡ്മിസ്ട്രസ്സ്

2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ എസ്.സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രൊജക്ടിന്റെ ഭാഗമായി 150000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയ്യതി 14/2/2018 നമ്പർ സബ്സിഡി മാർഗരേഖ പാരലൽ കോളേജിൽ പഠിക്കുന്നവർക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ സ്കോളർഷിപ്പ് അനുവദിച്ച താഴെ പറയുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ .നം | വിദ്യാർത്ഥിയുടെ പേര് | റിമാർക്സ് | കോഴ്സ് | നൽകിയ തുക |
|---|---|---|---|---|
| 1 | നീതു ജയൻ വേലൻകണ്ടിപറമ്പിൽ | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. | ബിരുദാനന്തര ബിരുദം | 30000 |
| 2 | ശ്യാംജിത്ത്.വി | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. | ബിരുദം | 20000 |

മേൽ അപകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13/20-21 തീയതി 23-02-2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 എസ്.സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ടിന്റെ പേര് : എസ്.സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് ( നം.134/21)

ചെലവ് തുക : 192220

ബിൽ റഫറൻസ് നം: 1915055203690 1336928 /24-03-2021

നിർവ്വഹണം : ഹെഡ്മിസ്ട്രസ്സ്

2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ എസ്.സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് പ്രൊജക്ടിന്റെ ഭാഗമായി 192220 രൂപ (7വിദ്യാർത്ഥികൾക്ക്) ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയ്യതി 14/2/2018 നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7-2-8, 7-2-9 പ്രകാരം വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

എന്നാൽ ലാപ്ടോപ്പ് അനുവദിച്ച ചുവടെ ചേർത്ത വിദ്യാർത്ഥിക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. വിദ്യാർത്ഥിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | വിദ്യാർത്ഥിയുടെ പേര് | റിമാർക്സ് | കോഴ്സ് |
|---|---|---|---|
| 1 | അലീന.ടി.പി | എസ്.സി വകുപ്പിൽ നിന്ന് സാക്ഷ്യപത്രം ലഭ്യയമായിട്ടില്ല | നഴ്സിംഗ് |
| 2 | ആഷ കൃഷ്ണൻ | എസ്.സി വകുപ്പിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | ബിരുദം |
| 3 | നേഹ സത്യൻ | എസ്.സി വകുപ്പിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | ബി.ടെക് |
| 4 | ഹരിത.കെ.പി | എസ്.സി വകുപ്പിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | ബിരുദം |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/ 21തീയതി 23-02-2022ന് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 തെരുവ് വിളക്ക് സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. ഇതുമൂലം വാർഡടിസ്ഥാനത്തിലുള്ള പ്രവർത്തനക്ഷമമായവയും അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

കെ.എസ്.ഇ.ബി.എന്തടിസ്ഥാനത്തിലാണ് തെരുവ് വിളക്കിന് ചാർജ് ചുമത്തുന്നത് എന്ന് പഞ്ചായത്തിൽ പരിശോധിക്കുന്നതിന് വ്യവസ്ഥയില്ല. 2019-20 വർഷത്തിൽ 425148/- രൂപയും 2020-21 വർഷത്തിൽ 483614/- രൂപയും തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ അടവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി ക്ക് അവരുടെ ഡിമാന്റിനെ മാത്രം ആശ്രയിച്ച് പണം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നുണ്ട്. പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന് വാർഡ് അടിസ്ഥാനത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുന്നതിനും ഉപയോഗിച്ച ഊർജ്ജത്തിന് മാത്രം പണം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവേണ്ടതും അത്യാവശ്യമാണ്.

## 1-15 തനത് ഫണ്ട് വൗച്ചറുകളിലെ അപാകത

2020-21 വർഷത്തിലെ തനത്ഫണ്ട് വൗച്ചറുകളിലെ ചെലവുകൾ പരിശോധിച്ചതിൽ അതാതിന് നേരെ കാണിച്ച അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ചെലവിനം | അപാകത |
|---|---|---|---|---|
| 1 | 22000024/7.4.20 | 8,656 | വിവിധഅംഗനവാടികൾക്ക് ഇലക്ട്രിസിറ്റി ചാർജ്ജ് ICDS സൂപ്പർവൈസർക്ക് നല്കിയത് | ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കിയ രേഖയില്ല |
| 2 | 22000025/7.4.20 | 2,293 | | |
| 3 | 22000057/30.4.20 | 4,500 | പറവണ്ണ അംഗൻവാടിയിലെ ആപൽകരമായ മരം മുറിച്ചുമാറ്റിയതിന് പക്കിയക്കാനത്ത് സൈനുദ്ദീന് നല്കിയത് | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെയും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയതിന്റെയും വിവരങ്ങൾ |
| 4 | 22000090/11.5.20 | 14,116 | വക്കാട് നോർത്ത് 76-ാം നമ്പർ അംഗനവാടിയിൽ കുടിവെള്ള സൌകര്യം ഒരുക്കിയതിനുള്ള പ്ലമ്പിങ് ചാർജ്ജ് ICDS സൂപ്പർവൈസർക്ക് നല്കിയത് | അസി.എഞ്ചിനീയറുടെ വാല്വേഷൻ |
| 5 | 22000455/24.09.20 | 19,353 | ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപമുള്ള അയിനിമരം മുറിച്ചുനീക്കിയതിനുള്ള ചെലവ് ചെറച്ചംവീട്ടിൽ കാട്ടിയകടവത്ത് യൂസഫിന് നല്കിയത് | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെയും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയതിന്റെയും വിവരങ്ങൾ |
| 6 | 22000547/7.11.20 | 11,404 | KL55K6575 ഓഫീസ് വാഹനത്തിന്റെ ഇൻഷൂറൻസ് പ്രീമിയം പുതുക്കുന്നതിന് ജില്ലാ ഇൻഷൂറൻസ് ഓഫീസിന് നല്കിയത് | കൈപ്പറ്റ്, ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് |
| | ആകെ | 60,322 | | |

ഓഡിറ്റ് അന്വേഷണത്തിന് (08/20-21/22.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസം ചെയ്യുന്നു.

## 1-16 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

90/21 സ്പിൽ ഓവർ പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി താഴെ പറയുന്ന റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 1,95,394/- രൂപ ബിൽ റഫറൻസ് നമ്പർ 20150552006800155340/11.04.20 പ്രകാരം പിൻവലിച്ച് കെ.എസ്.ഇ.ബി യിൽ അവരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 1 | വാർഡ് 5 പള്ളിയേരി റോഡ് | 22,421 |
| 2 | വാർഡ് 11 നാരായണൻപടി ചീരടത്ത് റോഡ് | 11,439 |
| 3 | വാർഡ് 10 ആലിശ്ശേരി മാഞ്ഞൂട്ടി റോഡ് | 89,960 |

| | | |
|---|---|---|
| 4 | വാർഡ് 15 സി.ടി നഗർ റോഡ് | 16,805 |
| 5 | വാർഡ് 15 സ്റ്റേഡിയം ജുമാമസ്ജിദ് റോഡ് | 8,835 |
| 6 | വാർഡ് 9 ഒടേങ്ങൽപടി റോഡ് | 34,809 |
| 7 | വാർഡ് 9 കക്കയം മഹിളാസമാജം റോഡ് | 11,125 |
| | ആകെ | 1,95,394 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കെ.എസ്.ഇ.ബിയിൽനിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 06/20-21/22.02.2022) ചെലവ് തുക തടസം ചെയ്യുന്നു.

## 1-17 പ്രിന്റിങ് ജോലികൾക്ക് അധിക തുക നല്കിയത്

2020-21 വർഷത്തിൽ വിവിധ അച്ചടി ജോലികൾക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൌച്ചർ നമ്പർ | തുക | ചെലവിനം |
|---|---|---|---|
| 1 | 22000262/28.07.20 | 17,653 | പഞ്ചായത്ത് ഇലക്ഷൻ അന്തിമവോട്ടർപട്ടിക പ്രിന്റ് ചെയ്തതിന് (27200 Page) |
| 2 | 22000263/28.07.20 | 28,556 | 2020-21 വാർഷികപദ്ധതി വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഫോറം അച്ചടിച്ചതിന് (44000 Page) |
| 3 | 22000547/07.11.20 | 19,353 | വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്തതിന് (29820 Page) |
| 4 | 22000548/07.11.20 | 23,585 | അന്തിമവോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്തതിന് (36340 Page) |
| 5 | 22000664/05.12.20 | 24,484 | വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്തതിന് (37725 Page) |

മേൽ പ്രിന്റിങ് ജോലികൾക്ക് ഏറ്റവും കുറവ് നിരക്ക് (0.6/sheet-single Side, 1.10/A4 Sheet Double Side Black & White) രേഖപ്പെടുത്തിയ സിറാജ് കോപ്പിയർ സർവീസ്, താഴെപാലം, തിരൂർ എന്ന സ്ഥാപനത്തെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. മേൽ പ്രവൃത്തികൾക്ക് പേമെന്റ് അനുവദിച്ചപ്പോൾ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം അധികം തുക താഴെ പറയുംപ്രകാരം നല്കാനിടയായിട്ടുണ്ട്.

| ക്രമ നമ്പർ | നല്കിയ തുക | നല്കേണ്ട തുക | അധികം |
|---|---|---|---|
| 1 | 17,653 | 27200x0.60 = 16,320 | 1,333 |
| 2 | 28,556 | 44000x0.60 = 26,400 | 2,156 |
| 3 | 19,353 | 29820 X0.60 = 17,892 | 1,461 |
| 4 | 23,585 | 36340x0.60 = 21,804 | 1,781 |
| 5 | 24,484 | 37725x0.60 = 22,635 | 1,849 |

| | | | |
|---|---|---|---|
| | | | |
| | | ആകെ | 8,580 |

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (**10/20-21 /22.02.2022**) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നല്കിയ തുക മേൽ സ്ഥാപനത്തിൽനിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. അതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-18 അധികച്ചെലവ് വന്ന 2154 രൂപ തിരിച്ചടച്ചത് കൺസോളിഡേറ്റഡ് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

പ്രൊജക്ട് : 52/21, 85 ാം നമ്പർ അങ്കണവാടി (വിദ്യാ നഗർ ) പുനരുദ്ധരണം

അടങ്കൽ : 51541 തനത്+200000MG(NR)

ചെലവ് : 200000 ബിൽ നമ്പർ.15/22.4.2020

കരാർ നം : 05/AE/LSGD/M/VGP/19-20/17.11.2019 (ER)

എംബുക്ക് നം: 221/19-20

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയര്

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 17 ആയി 168.69 കി.ഗ്രാം ട്രസ്സ് വർക്ക് ചെയ്യതിന് DAR കോഡ് 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ പോസ്റ്റുകൾ, വാൾപ്ലേറ്റ്, റാഫ്റ്റർ, പർലിൻ എന്നിവ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ ഇത് സിംഗിൾ സെക്ഷൻ വർക്ക് ആണെന്നും തെറ്റായ കോഡ് പ്രകാരമുള്ള നിരക്ക് അനുവദിച്ചത് മൂലം ഈ പ്രവൃത്തിയില് താഴെ പറയും പ്രകാരം 2154 രൂപ അധികച്ചെലവ് ഉണ്ടായിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം. 5/20-21/22.2.2022 മുഖേനെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് പ്രസ്തുത തുക രസീതി നമ്പർ 12190103474/22-02-2022 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| 10.16.1 കോഡ് പ്രകാരം അനുവദിച്ച തുക | 50.10.2 കോഡ് പ്രകാരം അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക + 12%GST |
|---|---|---|
| 168.69x118.28/kg=19952.65 | 168.69x106.88/kg=18029.59 | 1923.06x112%= 2153.83 |

മേൽ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 പ്രവൃത്തി പൂർത്തീകരണ കാലയളവ് - പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല - കരാറിൽ വ്യക്തമാക്കുന്നില്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005) എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടെ എല്ലാ പ്രവൃത്തികൾക്കും 6 മാസംവരെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകുന്നതായാണ് കണ്ടത്. ഇത്തരത്തിൽ വളരെ ദീർഘമായ പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ച നൽകുന്നത്മൂലം പ്രവൃത്തികൾ നിശ്ചിത സാമ്പത്തിക വർഷം പൂർത്തീകരിക്കാതെ അടുത്ത വർഷത്തേക്ക് നീളുന്നതിന് കാരണമാകുന്നതാണ്.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടു.

I-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-21 എം.ജി.എൻ.ആർ.ഇ.ജി.എസ് - പദ്ധതി നിർവ്വഹണം - അപാകതകൾ

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി മാത്രമുള്ള പ്രവവൃത്തികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തികൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏന്നിങ്ങനെ നാല് വിഭാഗം പ്രവൃത്തികൾ നിബന്ധനകൾക്ക് വിധേയമായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ നിർവ്വഹിക്കാവുന്നതാണ്. തൻവർഷം എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേനെ സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി മാത്രമുള്ള പ്രവൃത്തികളായ തൊഴുത്ത്, ആട്ടിൻ കൂട് മുതലായവ പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും, യോഗ്യരായ കുടുംബങ്ങൾ തയ്യാറാകാത്തത് കാരണം ഈ മേഖലയിലെ പ്രൊജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര നേട്ടം കൈവരിക്കാനായിട്ടില്ല. അതുപോലെ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൽ സ്ഥാപിക്കുന്ന പ്രവൃത്തികളായ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, പുനരുദ്ധരണം മുതലായ പ്രൊജക്ടുകളും വളരെ കുറച്ച് എണ്ണം മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി വിഹിതം, തനത് ഫണ്ട് എന്നീ വിഭവങ്ങൾക്കൊപ്പം എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി കൂടി ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന മേഖലയിൽ വികസന പ്രവർത്തനങ്ങൽ നടത്തുന്നതിനുള്ള അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് സാധ്യമായിട്ടില്ല എന്ന് കാണുന്നു. ഭാവിയിൽ ഈ പോരായ്മ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ശിശുമന്ദിരം - ആസ്തി സംരക്ഷണവും ഉപയോഗവും തൃപ്തികരമല്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20, 2020-21 വർഷങ്ങളിൽ ശിശുമന്ദിരം നവീകരണ- ത്തിനായി താഴെ പറയുന്ന പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പേര് | ചെലവ് തുക |
|---|---|---|---|
| 1 | 154/20 | ശിശുമന്ദിരം നവീകരണം | 550000 |
| 2 | 170/21 | ശിശുമന്ദിരം നവീകരണം | 878817 |
| 3 | 270/21 | ശിശുമന്ദിരം നവീകരണം | 134166 |
| ആകെ | | | 1562983 |

15.2.2022 ന് നടത്തിയതിയ ഭൗതിക പരിശോധനയിൽ മേൽ പ്രൊജക്ടുകൾ തൃപ്തികരമായി നിർവ്വഹിച്ചത് ബോധ്യപ്പെട്ടു. എന്നാൽ പരിശോധനയിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ പടിഞ്ഞാറു ഭാഗത്തെ ജനലുകളുടെ ഷട്ടറുകൾ ഇളകിപ്പോയ വിടവിലൂടെ പുറത്തു നിന്നും ഇലകളും പൊടികളും അകത്ത് പ്രവേശിച്ച് മുകൾ നില ആകെ മലിനമായി കിടക്കുന്നതായി കണ്ടു. അതുപോലെ പ്രസ്തുത കെട്ടിടം നിലവിൽ യാതൊരാവശ്യത്തിനും ഉപയോഗിക്കുന്നില്ല എന്നും വ്യക്തമായി. വലിയ തുക ചെലവഴിച്ച് കെട്ടിടം നവീകരിച്ച ശേഷം ആയത് ഉപയോഗിക്കാതെ ഇടുന്നത് ചെലവ് തുക മുഴവനും പാഴ്ചെലവാകുന്നതിന് ഇടയാക്കും. ആയതിനാൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി മുൻ സൂചിപ്പിച്ച കേടുപാടുകൾ പരിഹരിച്ച്, കെട്ടിടം എത്രയും വേഗം ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 340000 | പ്രോ.നം-8/20-21 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | പ്രോ.നം-233/20-21 ശാരീരിക അവശത അനുഭവിക്കുന്നവർക്ക് സ്കോളർഷിപ്പ്. | 300000 | 0 |
| ആകെ | 640000 | | 640000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക | പൂർത്തീകരിച്ചതിന്റെ വിവരം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20150552006800155340/11-4-20 | 195394 | ലഭ്യമാക്കിയിട്ടില്ല | ലഭ്യമായില്ല | -- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 2018-19 | 1-13 | 800 | ഡോ.ഹാരിസ.എം.ഇ.എസ് ഹോസ്പിറ്റൽ പറവണ്ണ | 120050100659/27.07.2020 |
| 2018-19 | 1-13 | 800 | വസന്തകുമാർ ക്ലർക്ക് | 120050100710/12.08.2020 |
| 2018-19 | 1-13 | 300 | റിജേഷ്.കെ, ഡ്രൈവർ | 120050100711/12.08.2020 |
| 2018-19 | 1-13 | 300 | ദീപേഷ്.കെ, ഒ.എ | 120050100711/12.08.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി പരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131595957.42 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69289659 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,64,195 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 60,322 | ശ്രീമതി മിനി കെ.കെ, സെക്രട്ടറി |
| 1-16 | 1,95,393 | |
| 1-17 | 8,580 | |
| ആകെ | 2,61,195 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി കെ.കെ, സെക്രട്ടറി | സെക്രട്ടറി, കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് | ഇടപ്പയിൽ ഹൌസ് , കെ.പുരം പോസ്റ്റ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1967 -68 | എൽ എഫ് എം 7/809/88 തി. 14.06.88 | 2 |
| 2 | 1968-69 | എൽ എഫ് എം 7/810/88 തി. 14.06.88 | 21 |
| 3 | 1969-70 | എൽ എഫ് എം 7/811/88 തി. 14.06.88 | 36 |
| 4 | 1970-71 | എൽ എഫ് എം 7/812/88 തി. 15.06.88 | 33 |
| 5 | 1973-74 | എൽ എഫ് എം 7/813/88 തി. 15.06.88 | 2 |
| 6 | 1974-75 | എൽ എഫ് എം 7/814/88 തി. 15.06.88 | 2 |
| 7 | 1976-77 | എൽ എഫ് എം 7/815/88 തി. 06.06.88 | 5 |
| 8 | 1980-81 | എൽ എഫ് എം 7/819/88 തി. 17.06.88 | 16 |
| 9 | 1989-90 90-91 | എൽ എഫ് എം 17/1558/16 തി. 23.01.18 | 6 |
| 10 | 1995-96 | എൽ എഫ് എം 17/1509/12(10) തി. 20.04.13 | 1 |
| 11 | 1997-98 | എൽ എഫ് എം 17/1509/12(12) തി. 20.04.13 | 6 |
| 12 | 1998-99 | എൽ എഫ് എം 17/1509/12(13) തി. 20.04.13 | 6 |

| | | | |
|---|---|---|---|
| 13 | 1999-00 | എൽ എഫ് എം 16/228/12/05 തി. 31.05.06/05.01.06 | 18 |
| 14 | 2000-01 | എൽ എഫ് എം 17/1509/12(14) തി. 22.04.13 | 35 |
| 15 | 2001-02 | എൽ എഫ് എം 14/138/09 തി. 07.05.09 | 9 |
| 16 | 2002-03 | എൽ എഫ് എം 14/139/09 തി. 07.05.09 | 5 |
| 17 | 2003-04 | എൽ എഫ് എം 14/140/09 തി. 07.05.09 | 11 |
| 18 | 2004-05 | എൽ എഫ് എം 14/141/09 തി. 07.05.09 | 13 |
| 19 | 2005-06 | എൽ എഫ് എം 14/1842/09 തി. 23.02.10 | 8 |
| 20 | 2006-07 | എൽ എഫ് എം 18/1560(b)/10 തി. 15.09.2011 | 20 |
| 21 | 2007-08 | എൽ എഫ് എം 17/213/11 തി. 15.09.11 | 16 |
| 22 | 2008-09 | എൽ എഫ് എം 17/1515/11 തി. 15.09.11 | 15 |
| 23 | 2009-10<br>2010-11 | എൽ എഫ് എം 17/1514/11 തി. 13.06.12 | 10 |
| 24 | 2011-12<br>2012-13 | കെ എസ് എ -എം പി എം 17/2124/16 തി. 07.10.16 | 9 |
| 25 | 2013-14<br>2014-15 | കെ എസ് എ -എം പി എം 17/2073/16 തി. 13.03.17 | 7 |
| 26 | 2015-16 | കെ എസ് എ -എം പി എം 17/19/17 തി. 08.03.18 | 16 |
| 27 | 2016-17 | കെ എസ് എ -എം പി എം 17/2193/17 തി. 31.07.18 | 19 |
| 28 | 2017-18 | കെ എസ് എ -എം പി എം 17/770/19 തി. 28.05.2019 | 13 |
| 29 | 2018-19 | കെ എസ് എ -എം പി എം 17/420/2020 തീയതി 10-03-2020 | 9 |
| 30 | 2019-20 | കെ എസ് എ -എം പി എം 17/652/2022 തീയതി 04/2022/24-05-2022 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്